File No: IGR/3536/2020-RR9

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം. 695035
ഫോൺ 0471-2472118/2472110/2474782
ഇ-മെയിൽ: regig@kerala.nic.in
www.keralaregistration.gov.in

**തീയതി : 27/07/2020**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും

സർ,

വിഷയം -: രജിസ്ട്രേഷൻവകുപ്പ്-ആർ.ആർ.സെക്ഷൻ-സ്പെഷ്യൽ മാര്യജ് നോട്ടീസ് പ്രദർശിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന ഇല്ല

1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹ നോട്ടീസ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് കാരണം നോട്ടീസിലെ വിവരം ചിലർ വർഗ്ഗീയ പ്രചാരണത്തിന് ഉപയോഗിക്കുന്നതായും വിവാഹ നോട്ടീസ് നൽകുന്നവർക്കെതിരെ പലതരം ഭീഷണികളും ഉപദ്രവങ്ങളും ഉയരുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് നിറുത്തി വച്ചിട്ടുണ്ട്. അതിനാൽ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്ന നോട്ടീസ് മാത്രമാണ് പൊതുജനങ്ങൾക്ക് ഇനി കാണാൻ കഴിയുന്നത്.

മേൽ സാഹചര്യത്തിൽ എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ)-മാരും തങ്ങളുടെ ജില്ലയിലെ മാര്യേജ് ഓഫീസർമാർ സ്പെഷ്യൽ മാര്യേജ് ആക്ടിലെ വകുപ്പ് 6(2) പ്രകാരം സ്പെഷ്യൽ മാര്യേജ് നോട്ടീസിന്റെ പകർപ്പ് ഓഫീസിലെ പ്രധാനപ്പെട്ട സ്ഥലത്ത് പ്രദർശിപ്പിക്കുന്നുണ്ട് എന്നും വകുപ്പ് 6(3) നടപടി സ്വീകരിക്കുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ് എന്ന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ

P. K. SAJANKUMAR
JOINT INSPECTOR GENERAL
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി

പകർപ്പ് :- എല്ലാ രജിസ്ട്രേഷൻ ഡി.ഐ.ജി.മാർക്കും

ജില്ലാ രജിസ്ട്രാർ (ജനറൽ)
മലപ്പുറം